**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

## <u>വിജ്ഞാപനം</u>

## <u>കീം (KEAM) 2026</u>

### <u>എഞ്ചിനീയറിംഗ് / ഫാർമസി / ആർക്കിടെക്ചർ / മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ-- അപേക്ഷയിൽ കോഴ്സുകൾ കൂട്ടിച്ചേർക്കാനുള്ള അവസരം.</u>

കീം 2026 മുഖേന കേരളത്തിലെ പ്രൊഫഷണൽ കോഴ്സുകളിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക്, താഴെ പറയുന്ന കോഴ്സുകൾ കൂടി അപേക്ഷയിൽ കൂട്ടിച്ചേർക്കാൻ (Add Course) ഇപ്പോൾ അവസരമുണ്ട്.

| | | |
|---|---|---|
| A | മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ | 1. എം.ബി.ബി.എസ് (MBBS)<br>2. ബി.ഡി.എസ് (BDS)<br>3. ബി.എച്ച്.എം.എസ് (BHMS - ഹോമിയോ)<br>4. ബി.എ.എം.എസ് (BAMS - ആയുർവേദം)<br>5. ബി.എസ്.എം.എസ് (BSMS - സിദ്ധ)<br>6. ബി.യു.എം.എസ് (BUMS - യുനാനി)<br>7. ബി.എസ്.സി (ഓണേഴ്സ്) അഗ്രികൾച്ചർ<br>8. ബി.എസ്.സി (ഓണേഴ്സ്) ഫോറസ്ട്രി<br>9. ബി.എസ്.സി (ഓണേഴ്സ്) കോ-ഓപ്പറേഷൻ & ബാങ്കിംഗ് / ബി.എസ്.സി (ഓണേഴ്സ്) അഗ്രി. ബിസിനസ് മാനേജ്മെന്റ്<br>10. ബി.എസ്.സി (ഓണേഴ്സ്) ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്<br>11. ബി.ടെക് ബയോടെക്നോളജി (കേരള കാർഷിക |

| | | |
|---|---|---|
| | | സർവ്വകലാശാല)<br>12. വെറ്ററിനറി (B.V.Sc & AH)<br>13. ഫിഷറീസ് (B.F.Sc) |
| B | എഞ്ചിനീയറിംഗ് കോഴ്സുകൾ | വിവിധ സർവ്വകലാശാലകൾക്ക് കീഴിലുള്ള ബി.ടെക് കോഴ്സുകൾ, കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്, ഫുഡ് ടെക്നോളജി, വെറ്ററിനറി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഡയറി ടെക്നോളജി തുടങ്ങിയവ. |
| C | ഫാർമസി കോഴ്സ് | ബി.ഫാം |
| D | ആർക്കിടെക്ചർ കോഴ്സ് | ബി.ആർക്ക് |

- കീം 2026 മുഖേനെ എൻജിനീയറിംഗ്, ഫാർമസി, ആർക്കിടെക്ചർ, മെഡിക്കൽ , മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾക്കു ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക്, എൻജിനീയറിംഗ്, ഫാർമസി, ആർക്കിടെക്ചർ, മെഡിക്കൽ , മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾ അപേക്ഷയിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അപേക്ഷയിൽ ആവശ്യമുള്ള കോഴ്സുകൾ ഇപ്പോൾ കൂട്ടിച്ചേർക്കാവുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട് . ആർക്കിടെക്ചർ (B.Arch) കോഴ്സ് കൂട്ടിച്ചേർക്കുന്ന അപേക്ഷകർ കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന NATA പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയിരിക്കണം. അതുപോലെ, മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ തിരഞ്ഞെടുക്കുന്നവർ എൻ.ടി.എ (NTA) നടത്തുന്ന നീറ്റ് യു.ജി (NEET-UG 2026) പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടേണ്ടതുമാണ്.

- കീം 2026-ൽ ഏതെങ്കിലും കോഴ്സുകൾക്കായി ഇതിനോടകം അപേക്ഷ സമർപ്പിച്ചവർക്ക്, പുതിയ കോഴ്സുകൾ കൂടി കൂട്ടിച്ചേർക്കുന്നതിനുള്ള (Course Addition) സൗകര്യം **2026 ഫെബ്രുവരി 9 മുതൽ ഫെബ്രുവരി 12 വൈകുന്നേരം 5 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee.kerala.gov.in ൽ ലഭ്യമായിരിക്കും.
- ഇതിനായി വെബ്സൈറ്റിലെ 'KEAM 2026- Application' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുക. തുടർന്ന് ഹോം പേജിലെ **'Add Course'** എന്ന മെനു സെലക്ട് ചെയ്ത് എൻജിനീയറിംഗ്/ ഫാർമസി/ ആർക്കിടെക്ചർ/ മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിൽ ആവശ്യമുള്ളവ കൂട്ടിച്ചേർക്കാവുന്നതാണ്.കോഴ്സുകൾ കൂട്ടി ചേർക്കുന്നതിനുള്ള അവസരം **12.02.2026 , വൈകുന്നേരം 5 മണി** മണിക്ക് അവസാനിക്കുന്നതാണ് .അവസാന തീയതി ഒരു കാരണവശാലും ദീർഘിപ്പിച്ച് നല്കുന്നതല്ല.വിദ്യാർത്ഥികൾ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിൽ അതീവ ജാഗ്രത പുലർത്തേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്

**അപേക്ഷാ ഫീസ്:** പ്രവേശന പരീക്ഷ കമ്മീഷണർക്കു സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ കോഴ്സുകൾ കൂട്ടി ചേർക്കുന്ന അപേക്ഷകർ അധിക ഫീസ് അടയ്ക്കേണ്ടതുണ്ടെങ്കിൽ ഓൺലൈനായി മാത്രം ബാക്കി തുക മേൽ തീയതിക്കകം അടയ്ക്കേണ്ടതാണ്

- പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് മുൻപ്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള 2026-27 അധ്യയന വർഷത്തെ

സംസ്ഥാനത്തെ എൻജിനീയറിംഗ്, ഫാർമസി, ആർക്കിടെക്ചർ, മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകളും, 05.01.2026-ലെ അപേക്ഷാസമർപ്പണം സംബന്ധിച്ച വിജ്ഞാപനവും അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471- 2332120**

തിരുവനന്തപുരം
09-02-2026

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun S Nair
Date: 09-02-2026 14:11:14